"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് - പാറശ്ശാല നിയോജക മണ്ഡലം മുൻ എം.എൽ.എ ശ്രീ എ ടി ജോർജ്ജ് അവർകളുടെ 2012 - 13 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ "മണലുവിള - കാവിള അംഗൻവാടി റോഡ് പുനരുദ്ധാരണവും ടാറിംഗും" എന്ന പ്രവൃത്തി എഗ്രിമെന്റിൽ ഏർപ്പെട്ട സമയത്തെ നിരക്കിൽ പൂർത്തീകരിക്കണമെന്ന നിബന്ധനയിൽ ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്

സ.ഉ.(സാധാ) നം.1229/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/06/2021

---

പരാമർശം:- 1 08/10/2013 ലെ സഉ(സാധാ) നമ്പർ 2495/2013/തസ്വഭവ

2 കരാറുകാരനായ ശ്രീ പി രാധാകൃഷ്ണൻ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകിയ 11/01/2021 ലെ നിവേദനം

3 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.07.2019 ലെ ഡിബി1/4017/19/സിഇ/തസ്വഭവ നമ്പർ കത്ത്.

4 26/02/2021 ലെ സഉ(സാധാ) നമ്പർ: 1848/2021/ധന

ഉത്തരവ്

പാറശ്ശാല നിയോജകമണ്ഡലം മുൻ എം.എൽ.എ ശ്രീ എ ടി ജോർജ്ജ് അവർകളുടെ 2012 -13 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പെരുങ്കടവിള ഗ്രാമ പഞ്ചായത്തിലെ "മണലുവിള - കാവിള അംഗൻവാടി റോഡ് പുനരുദ്ധാരണവും ടാറിംഗും" എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു .

പ്രസ്തുത പ്രവൃത്തി കരാറുകാരൻ അസുഖ ബാധിതനായതതിനെ തുടർന്ന് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. നിലവിൽ കരാറുകാരനായ ശ്രീ പി രാധാകൃഷ്ണൻ എഗ്രിമെന്റിൽ ഏർപ്പെട്ട സമയത്തെ DSR നിരക്കിൽ പ്രവൃത്തി പുനരാരംഭിക്കാൻ തയ്യാറാണെന്ന് പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. എഗ്രിമെന്റ് വച്ച സമയത്തെ DSR നിരക്കിൽ പ്രവൃത്തി പൂർത്തീകരിക്കാമെന്നു കരാറുകാരൻ ഉറപ്പ് നൽകിയിട്ടുള്ളതിനാലും സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയില്ലാത്തതിനാലും ടി കരാറുകാരൻ മുഖേന എഗ്രിമെന്റ് നിരക്കിൽ പൂർത്തീകരിക്കത്തക്ക

രീതിയിൽ ഭരണാനുമതി പുതുക്കി നൽകുന്നതിന് അനുമതി നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് ധനകാര്യ വകുപ്പ് ടി പ്രവൃത്തി എഗ്രിമെന്റിൽ ഏർപ്പെട്ട സമയത്തെ DSR നിരക്കിൽ കരാറുകാരനെ കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കണമെന്ന നിബന്ധനയിൽ ഭരണാനുമതി പുതുക്കി നൽകുന്നതിന് പരാമർശം (4) പ്രകാരം പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പാറശ്ശാല നിയോജകമണ്ഡലം മുൻ എം.എൽ.എ ശ്രീ എ ടി ജോർജ് അവർകളുടെ 2012 -13 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ മണലുവിള - കാവിള അംഗൻവാടി റോഡ് പുനരുദ്ധാരണവും ടാറിംഗും എന്ന പ്രവൃത്തി എഗ്രിമെന്റിൽ ഏർപ്പെട്ട സമയത്തെ നിരക്കിൽ പൂർത്തീകരിക്കണമെന്ന നിബന്ധനയിൽ ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
ജോയിന്റ് സെക്രട്ടറി

പകർപ്പ്

ശ്രീ സി കെ ഹരീന്ദ്രൻ എം.എൽ.എ (ആമുഖ കത്ത് സഹിതം )

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ {(എ&ഇ/ഓഡിറ്റ്) എൽ ബി എ & എ} തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (നോഡൽ സെന്റർ ബി) വകുപ്പ്

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ